# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2389 12.03.2020-ൽ മറുപടിയ്ക്ക്.

**<u>മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിലെ കൈയ്യേറ്റം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് : | | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിൽപ്പെട്ട വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ കൈയ്യേറ്റം പരിശോധിക്കുന്നതിന് ആരെയാണ് സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചതെന്നും എന്നാണ് നിയമിച്ചതെന്നും ഇപ്പോഴത്തെ സെറ്റിൽമെന്റ് ഓഫീസർ ആരെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 12/12/2007-ലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ) നം. 74/2007/വനം പ്രകാരം ദേവികുളം സബ്കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ച് ഉത്തരവായിരുന്നു. 11/02/2020-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം.670/2020/പൊ.ഭ.വ. പ്രകാരം ശ്രീ.എ.കൗശിഗൻ ഐ.എ.എസ്-നെ കുറിഞ്ഞിമല സങ്കേതം സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ? | (ബി) | നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റവന്യൂ വഴിയാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ